# പതിമൂന്നാം കേരള നിയമസഭ

## എട്ടാം സമ്മേളനം

**നക്ഷത്രചിഹ്നമിടാത്ത നിയമസഭാചോദ്യം നം. 183    18-03-2013 ന് മറുപടിയ്ക്ക്**

**വനമേഖലയിലെ തോട്ടങ്ങൾ**

| **ചോദ്യം** | | **മറുപടി** |
|---|---|---|
| ശ്രീമതി ജമീലാ പ്രകാശം<br>ശ്രീ.മാത്യൂ.റ്റി.തോമസ്<br>ശ്രീ.ജോസ് തെറ്റയിൽ<br>ശ്രീ.സി.കെ.നാണു | | ശ്രീ.കെ.ബി.ഗണേഷ്കുമാർ<br>(വനവും സ്പോർട്സും സിനിമയും വകുപ്പു മന്ത്രി) |
| (എ) കേരളത്തിൽ വനംമേഖലയിൽ എത്ര തോട്ടങ്ങളാണ് പാട്ടകരാർ ലംഘിച്ചതായി ശ്രദ്ധയിൽപ്പെട്ടിട്ടുള്ളത്; ഏതെല്ലാം; | (എ) | വിവരം അനുബന്ധമായി ചേർക്കുന്നു. |
| (ബി) ഇവയിൽ പാട്ട കാലാവധി കഴിഞ്ഞ തോട്ടങ്ങൾ എത്ര; ഏതെല്ലാം; | (ബി) | അത്തരത്തിലുള്ള തോട്ടങ്ങൾ ഒന്നും തന്നെ നിലവിലില്ല. |
| (സി) പാലക്കാട് ജില്ലയിലെ നെല്ലിയാമ്പതി മേഖലയിലെ തോട്ടങ്ങൾ ഏറ്റെടുക്കാൻ എന്തൊക്കെ നടപടിയാണ് സ്വീകരിച്ചിട്ടുള്ളത്; വിശദാംശങ്ങൾ വ്യക്തമാക്കാമോ? | (സി) | നെല്ലിയാമ്പതിയിൽ പാട്ടത്തിന് നൽകിയ 52 എസ്റ്റേറ്റുകളിൽ പാട്ടകരാർ അവസാനിച്ച റോസറി, ക്ലിഫ് വ്യൂ (2 ബിറ്റുകൾ), തൂത്തമ്പാറ എന്നീ എസ്റ്റേറ്റുകളും പാട്ടക്കരാർ ലംഘനം നടത്തിയ ബിയാട്രീസ്, മീരാഫ്ളോറസ് (5 ബിറ്റുകൾ) എന്നീ എസ്റ്റേറ്റുകളും സർക്കാരിലേക്ക് തിരികെ ഏറ്റെടുത്തിട്ടുണ്ട്. പാട്ടക്കരാർ ലംഘനം നടത്തിയ മൂന്ന് എസ്റ്റേറ്റുകളുടെ പാട്ടക്കരാർ റദ്ദാക്കി എങ്കിലും കോടതി സ്റ്റേ ഉള്ളതിനാൽ തിരിച്ചെടുത്തിട്ടില്ല. സ്റ്റേ നീക്കികിട്ടുന്നതിനുള്ള നടപടികൾ സ്വീകരിച്ചിട്ടുണ്ട്. പാട്ടക്കരാർ ലംഘനം നടത്തിയ 24 എസ്റ്റേറ്റുകളുടെ ലീസ് റദ്ദുചെയ്യുന്നതിനും എസ്റ്റേറ്റുകൾ തിരിച്ചെടുക്കുന്നതിനുമുള്ള നടപടികൾ സ്വീകരിച്ചുവരുന്നു. പാട്ടക്കരാർ ലംഘനം നടത്തിയ മറ്റ് 7 എസ്റ്റേറ്റുകളുടെ ലീസ് റദ്ദുചെയ്യുന്നതിനുള്ള നടപടികൾ സ്വീകരിച്ചുവരുന്നു. |

സെക്ഷൻ ഓഫീസർ

അനുബന്ധം

## പാട്ടക്കരാർ ലംഘിച്ച തോട്ടങ്ങൾ

<table>
<tr><td>1.</td><td>ബിയാട്രീസ്</td><td rowspan="2">പാട്ടക്കരാർ റദ്ദുചെയ്ത് തോട്ടം സർക്കാരിലേക്ക് ഏറ്റെടുത്തു.</td></tr>
<tr><td>2.</td><td>മീരാ ഫ്ളോറസ് (5 ബിറ്റ്)</td></tr>
<tr><td>3.</td><td>ചെറുനെല്ലി ലോവർ</td><td rowspan="4">പാട്ടക്കരാർ റദ്ദുചെയ്യ് സർക്കാർ ഉത്തരവായെങ്കിലും കോടതി സ്റ്റേ നിലവിലുള്ളതിനാൽ തോട്ടം സർക്കാരിലേക്ക് ഏറ്റെടുക്കാൻ കഴിഞ്ഞിട്ടില്ല.</td></tr>
<tr><td>4.</td><td>രാജാക്കാട്</td></tr>
<tr><td>5.</td><td>മോങ്ക് വുഡ്</td></tr>
<tr><td>6.</td><td>മുപ്ലിവാലി</td></tr>
<tr><td>7.</td><td>ബിയാട്രീസ്</td><td rowspan="8">തോട്ടം ഏറ്റെടുക്കുന്നതിനുമുള്ള നടപടികൾ സ്വീകരിച്ചുവരുന്നു.</td></tr>
<tr><td>8.</td><td>അലക്സാണ്ട്രിയ (എ)<br>(8 എസ്റ്റേറ്റുകൾ)</td></tr>
<tr><td>9.</td><td>അലക്സാണ്ട്രിയ (ബി)<br>(6 എസ്റ്റേറ്റുകൾ)</td></tr>
<tr><td>10.</td><td>ബ്രൂക്ക്ലാന്റ്</td></tr>
<tr><td>11.</td><td>കാരപ്പാറ (എ)</td></tr>
<tr><td>12.</td><td>കാരപ്പാറ (ബി)</td></tr>
<tr><td>13.</td><td>ചന്ദ്രമല (6 എസ്റ്റേറ്റുകൾ)</td></tr>
<tr><td>14.</td><td>പെരുമ്പാറ എസ്റ്റേറ്റ്</td></tr>
<tr><td>15.</td><td>മണലാരു</td><td rowspan="7">പാട്ടക്കരാർ ലംഘനം നടന്നതായി കണ്ടതിനെ തുടർന്ന് പാട്ടക്കരാർ റദ്ദുചെയ്യുന്നതിനുള്ള നടപടികൾ സ്വീകരിച്ചുവരുന്നു.</td></tr>
<tr><td>16.</td><td>പോത്തുപാറ</td></tr>
<tr><td>17.</td><td>ലില്ലി</td></tr>
<tr><td>18.</td><td>കരടിമല</td></tr>
<tr><td>19.</td><td>മോങ്ക് വുഡ്</td></tr>
<tr><td>20.</td><td>മണലാരു</td></tr>
<tr><td>21.</td><td>വിക്ടോറിയ</td></tr>
</table>

സെക്ഷൻ ഓഫീസർ